## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3634      26.06.2012 ൽ മറുപടിയ്ക്ക്

# സ്കൂൾ ബസ്സുകളുടെ ലൈസൻസിനുള്ള മാനദണ്ഡം

| ചോദ്യം<br>ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) സ്കൂൾ ബസ്സുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) | വാഹനം ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതായിരിക്കണം. വാഹനത്തിന് കാലാവധിയുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ് എന്നിവ ഉണ്ടായിരിക്കണം. വാഹനത്തിൽ സീറ്റുകൾ 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 267-ൽ പറയുന്ന പ്രകാരം 38 cm x 38 cm വലിപ്പമുണ്ടായിരിക്കുകയും സീറ്റുകൾ തമ്മിൽ നിശ്ചിത അകലം ഉണ്ടായിരിക്കുകയും വേണം. ചട്ടം 290(2) പ്രകാരം വാഹനത്തിന് ക്രീം മഞ്ഞ നിറത്തിൽ പെയിന്റ് ചെയ്തിരിക്കണം ചട്ടം 291 പ്രകാരം വാഹനത്തിൽ സ്ഥാപനത്തിന്റെ പേര് പ്രദർശിപ്പിച്ചിരിക്കണം വാഹനത്തിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിരിക്കണം. 10.5.2012 ലെ സ.ഉ.(പി) 25/12/ഗതാ (എസ്.ആർ.ഒ) 343/12) ലൂടെ 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങൾ ഭേദഗതി ചെയ്ത്, ഉൾപ്പെടുത്തിയിട്ടുള്ള ചട്ടം 153(ഡി) യിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും വാഹനം പാലിച്ചിരിക്കണം. |
| (ബി) ബസ്സുകളുടെ കാലപ്പഴക്കം മൂലം അപകടസാധ്യത വർദ്ധിക്കുന്നത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ? | (ബി) | കാലപ്പഴക്കം മൂലം അപകട സാധ്യത വർദ്ധിക്കുന്നത് ഒഴിവാക്കുന്നതിനായി കർശന പരിശോധനകൾക്ക് ശേഷം മാത്രമേ വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്നും , 20 വർഷം കഴിഞ്ഞ വാഹനങ്ങൾ ഒരു ജോയിന്റ് ആർ.ടി.ഓ-യും ആർ.ടി.ഓ-യും ചേർന്ന സംഘം പരിശോധിക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ